**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4126**
**12.11.2019 ലെ മറുപടിക്ക്**

**ദേശീയ മഹിളാ പ്രധാൻ സേവിംഗ്സ്**

| **ചോദ്യം.**<br>**ശ്രീ. സജി ചെറിയാൻ** | | **ഉത്തരം.**<br>**ഡോ. തോമസ് ഐസക്,**<br>**ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി** |
|---|---|---|
| (എ) | ദേശീയ മഹിളാ പ്രധാൻ ഏജന്റ് അപ്രതീക്ഷിതമായി മരണപ്പെട്ടാൽ സേവിംഗ്സ് പദ്ധതി തുടരാൻ കഴിയാത്ത അവസ്ഥയാകുന്നതും പദ്ധതിയിൽ ചേർന്ന അംഗങ്ങൾക്ക് നഷ്ടം ഉണ്ടാകുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | നഷ്ടം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മഹിളാ പ്രധാൻ ഏജന്റ് അപ്രതീക്ഷിതമായി മരണപ്പെട്ടാൽ പദ്ധതിയിൽ ചേർന്ന അംഗങ്ങൾക്ക് നഷ്ടം ഉണ്ടാകുന്നില്ല. നിക്ഷേപകർക്ക് തുക നേരിട്ട് പോസ്റ്റോഫീസിൽ അടയ്ക്കുകയോ മറ്റ് ഏജന്റുമാർ മുഖേന നിക്ഷേപം നടത്തുകയോ ചെയ്യാവുന്നതാണ്. |
| (ബി) | പ്രസ്തുത ഏജൻസി മരണപ്പെട്ടയാളുടെ ബന്ധുക്കൾക്ക് നിശ്ചിത കാലയളവിൽവരെ തുടർന്ന് കൊണ്ടുപോകുന്നതിനുള്ള സാധ്യത പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | പരിഗണനയിലില്ല. മഹിളാപ്രധാൻ ഏജൻസി അനുവദിക്കുന്നത് കേന്ദ്ര സർക്കാർ രൂപകല്പന ചെയ്തിട്ടുള്ള ചട്ടത്തിന്റെ അടിസ്ഥാനത്തിൽ ASLASS-3 പ്രകാരമുള്ള കരാറിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത കരാറിൽ ഏജൻസി കൈമാറ്റം അനുവദിക്കുന്നില്ല. ഏജന്റ് മരണപ്പെടുന്നതോടുകൂടി പ്രസ്തുത കരാർ റദ്ദാകുന്നു. |

സെക്ഷൻ ഓഫീസർ